**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3906 24.08.2017-ൽ മറുപടിക്ക്

## ജനനി ജന്മരക്ഷ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.യു.പ്രതിഭ ഹരി<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.ഒ.ആർ.കേളു | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും, അമ്മമാർക്കും പോഷകാഹാരം നൽകുന്നതിന് 'ജനനി ജന്മരക്ഷ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ജനനി ജന്മരക്ഷ' പദ്ധതി. എ.പി.എൽ., ബിപി.എൽ. വ്യത്യാസമില്ലാതെ എല്ലാ ഗർഭിണികളുടേയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ പ്രസവശേഷമുള്ള 12 മാസം വരെ (ആകെ 18 മാസം) പ്രതിമാസം 1000/- രൂപ (ആയിരം രൂപ മാത്രം) അർഹരായ അപേക്ഷകർക്ക് (ഗുണഭോക്താക്കൾക്ക്) ലഭ്യമാക്കുന്നു. അമ്മയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷകാഹാരം സ്വന്തം നിലയ്ക്ക് വാങ്ങി കഴിക്കുന്നതിനു വേണ്ടിയാണ് ടി തുക നൽകുന്നത്. |
| ബി) | പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | ജനനി ജന്മരക്ഷാ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയതിൽ 6 കോടി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | മൺസൂൺ കാലത്ത് ഈ വിഭാഗക്കാരുടെ പട്ടിണി ഇല്ലാതാക്കുന്നതിനായി ഭക്ഷ്യസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | ഉണ്ട് |

| | | | |
|---|---|---|---|
| ഡി) | പദ്ധതി പ്രകാരം ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ഇവർക്ക് വിതരണം ചെയ്യുന്നതെന്നും അതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | ഡി) | ഭക്ഷ്യ സഹായ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. അരി - 15 Kg<br>2. ചെറുപയർ / വൻപയർ - 1 Kg<br>3. കടല – 1 Kg<br>4. വെളിച്ചെണ്ണ – 1 Lr<br>നടപ്പ് സാമ്പത്തിക വർഷം ഭക്ഷ്യ സഹായ പദ്ധതിയ്ക്കായി 25 കോടി രൂപ വകയിരുത്തിയതിൽ 8,93,41,600/- രൂപ (എട്ട് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| ഇ) | പ്രസ്തുത വിഭാഗക്കാർക്കായി മുൻ വർഷം നടപ്പാക്കിയ പോലെ ഓണക്കിറ്റും ഓണക്കോടിയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഈ വർഷവും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഇ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് മുൻവർഷത്തെപ്പോലെ തന്നെ ഓണക്കോടിയും, ഓണക്കിറ്റും ഈ വർഷവും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1,55,471 കുടുംബങ്ങൾക്ക് ഓണക്കിറ്റും 60 വയസ്സ് മുതൽ പ്രായമുള്ള പട്ടികവർഗ്ഗക്കാരായ 51,476 പേർക്ക് (23,107 പുരുഷന്മാർ, 28,369 സ്ത്രീകൾ) ഓണക്കോടിയും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ